# അക്കാദമിക മാസ്റ്റർ പ്ലാൻ

# എ.എം.എസ്.ബി.സ്കൂൾ, കിണാശ്ശേരി

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എ.എം.എസ്.ബി.സ്കൂൾ കിണാശ്ശേരി |
| സ്ക്കൂൾകോഡ് | : | 21638 |
| ബി.ആർ.സി | : | കുഴൽമന്ദം |
| ജില്ല | : | പാലക്കാട് |
| അക്കാദമികവർഷം | : | 2025-26 |

# ആമുഖം

വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിന് നാന്ദിക്കുറിച്ചുകൊണ്ട് ദീർഘകാല കാഴ്ചപ്പാടോടുകൂടി വികസന പദ്ധതി രൂപീകരിക്കുന്നു. അക്കാദമികനിലവാരം ഭൗതികനിലവാരം സാമൂഹികനിലവാരം എന്നിവയിൽ ഊന്നികൊണ്ടായിരിക്കും. വിദ്യാർത്ഥികൾ,അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക സന്നദ്ധസംഘടനാപ്രവർത്തകർ, സർക്കാർ ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയോടുകൂടി സമയബന്ധിതമായി പ്രവർത്തനം ആലോചിക്കുന്നു. വിദ്യാഭ്യാസ സമഗ്രവികസനത്തിനുവേണ്ടി 5 വർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാൻ ഈ കർമ്മ പദ്ധതികൾക്ക് കഴിയുമെന്ന് പ്രത്യാശിക്കുന്നു. ഓരോ കുട്ടിയുടെയും പഠനനിലവാരത്തിനനുസൃതമായി പാഠ്യപദ്ധതി രൂപീകരിക്കുന്നത്.

അക്കാദമിക മാസ്റ്റർ പ്ലാനിങ്ങനുവേണ്ടി അടുത്ത അഞ്ചു വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ കർമ്മപദ്ധതികൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. നമ്മുടെ സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എൽ.പി. യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളിലെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവകളുടെ സഹകരണത്തോടെ കാലോചിതമായി വികസനം ഉറപ്പാക്കുക. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളുടെ ഉപയോഗം പരിപോഷിപ്പിക്കുക. മധുരം മലയാളം, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിതമധുരം എന്നീ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നു. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമായ പഠനപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യപരിമിതികൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുവാനായി നടപടികൾ സ്വീകരിക്കുന്നു. ഐ.സി.ടി മേഖലയെ എല്ലാക്ലാസ്സുകളിലും ഫലപ്രദമായി ഉപയോഗിക്കുകയും അധ്യാപകർക്കാവശ്യമായ പരിശീലനവും നൽകണം.

## 2 പൊതുലക്ഷ്യങ്ങൾ

1. അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുക.
2. ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കൽ.
3. പിന്നോക്കം നിൽക്കുന്ന വിഭാഗക്കാരെ മുന്നിലെത്തിക്കുക.
4. കാർഷിക സംസ്ക്കരണം ഉറപ്പുവരുത്തുക.
5. മാലിന്യ നിർമാർജ്ജനം സ്കൂളുകളിലും വീടുകളിലും പരിശീലിപ്പിക്കുക.
6. പ്ലാസ്റ്റിക് മുക്ത വിദ്യാലയവും വീടും പരിസരവും.
7. ലബോറട്ടറി, ലൈബ്രറി സമ്പുഷ്ടമാക്കൽ.
8. കൗൺസിലിങ് കാര്യക്ഷമമാക്കൽ.
9. ജനപ്രതിനിധികളുടെ ഇടപെടൽ.
10. "ടാലന്റ് ലാബ്" ഉറപ്പുവരുത്തുക.
11. ഭാഷാ പരിജ്ഞാനം പരിപോഷിപ്പിക്കൽ.
12. ശാസ്ത്രാഭിരുചി പരിപോഷിപ്പിക്കൽ.
13. ഐ. ടി.മേഖല വികസിപ്പിക്കൽ.
14. ഗണിതാശയങ്ങൾ സമ്പുഷ്ടമാക്കൽ.
15. സാമൂഹ്യ രംഗം, പരിസ്ഥിതി രംഗം തുടങ്ങിയവയിലുള്ള ധാരണ കൈവരിക്കൽ.

## വിദ്യാലയ ചരിത്രം

1903 കണ്ണാടി പഞ്ചായത്തിൽ , കിണാശ്ശേരി, തണ്ണീർ പന്തൽ എന്ന സ്ഥലത്ത് വിദ്യാഭ്യാസ ക്രാന്ത ദർശിയായ മണക്കാട് കേശവമേനോൻ രണ്ടു മുറികളുള്ള ഒരു ഷെഡിൽ വിദ്യാലയമെന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങി. അധ്യാപകൻ കണ്ണൻ നായർ ആയിരുന്നു. തുടർന്ന് ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകൾ ഉണ്ടായി. പിന്നീട് ഈ വിദ്യാലയം കൃതിയിൽ മാധവൻ മാസ്റ്റർ മാനേജ്മെന്റായി തുടർന്നു. ഈ കാലഘട്ടത്തിൽ തൊട്ടടുത്ത് പറപ്പനയിൽ ഒന്നുമുതൽ എട്ടുവരെയുള്ള വിദ്യാലയം പ്രവർത്തിച്ചുവന്നു. [illegible] നമ്മുടെ മാനേജർ മാധവൻ മാഷുടെ ദീർഘവീക്ഷണംകൊണ്ട് ആ വിദ്യാലയത്തിലെ 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളുടെ അംഗീകാരം മാനേജർ നേടിയെടുത്തു. തുടർന്ന് കാലക്രമേണ 8-ാം ക്ലാസ്സ് നിർത്തലാക്കി. പിന്നീടാണ് മാധവൻ മാസ്റ്റർ അദ്ദേഹത്തിന്റെ അച്ഛന്റെ പേരിൽ അപ്പു മെമ്മോറിയൽ ബേസിക് ജൂനിയർ സ്കൂൾ എന്നു പേര് നൽകിയത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകിയിരുന്നു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രദേശമായതിനാൽ വേനൽക്കാലങ്ങളിൽ 7 മണിമുതൽ 12 മണിവരെ മോണിംഗ് ക്ലാസ്സ് നടത്തിയിരുന്നു. അന്നുകാലത്ത് ഗവൺമെന്റ് നിർദ്ദേശിച്ചിരുന്ന ആരോഗ്യവാരം, സേവനവാരം, കലാപരിപാടികൾ, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ദിനം എന്നിവ വളരെ ഭംഗിയായി ഈ വിദ്യാലയത്തിൽ ആഘോഷിച്ചതായി ചരിത്ര രേഖകളിൽ കാണുന്നു.

തുടക്കത്തിൽ വിദ്യാലയം കൈവരിച്ച നേട്ടങ്ങൾ: 1903 മുതൽ വിദ്യാലയം നല്ല നിലയിലാണ് പ്രവർത്തിച്ചു വന്നത്. സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവർ എല്ലാംതന്നെ ഈ വിദ്യാലയത്തിൽ വന്ന് വിദ്യാഭ്യാസം നേടി ജീവിതത്തിലെ ഉന്നത വിജയവും നേടി. തുടർന്ന് സമൂഹത്തിലെ എല്ലാ വിഭാഗത്തിൽ പെട്ട വിഭാഗക്കാരും ഈ വിദ്യാലയത്തിൽ പഠിക്കയും ഉന്നത വിദ്യാഭ്യാസം നേടുകയും ചെയ്തു.

3. **എ.എം.എസ്.ബി. സ്കൂളിൽ പഠിച്ച് ഉന്നത നിലയിൽ എത്തിയവർ**

1. കൃഷ്ണൻ മേനോൻ, പാലക്കാട് പോലീസ് ഐ.ജി. റിട്ടയേർഡ്.
2. കൃഷ്ണദാസ്, മോഡൽ എഞ്ചിനീയറിംഗ് കോളേജ്, ലക്ചറർ, കൊച്ചിൻ യൂണിവേഴ്സിറ്റി
3. ശ്രീനിവാസൻ, എഞ്ചിനീയർ.
4. ജലീൽ, അഡ്വക്കേറ്റ്, പാലക്കാട്.
5. ഡോ. സേതു, ഹോമിയോപ്പതി ഡോക്ടർ
6. പതിയിൽ അച്യുതൻ നായർ, ആയുർവേദ ഡോക്ടർ.
7. രമേഷ്.ആർ, മുനിസിപ്പാലിറ്റി.
8. രാജേഷ്, ടീച്ചർ
9. മിഥുൻ, റെയിൽവേ
10. അനിൽകുമാർ, ആർമി.
11. സുനിത, കോ-ഓപ്പറേറ്റീവ് ബാങ്ക്
12. ജോഷി, ആർമി
13. ഷീല.എൻ. ടീച്ചർ, എ.എം.എസ്.ബി. സ്കൂൾ, കിണാശ്ശേരി.
14. വിനോദൻ. എസ്. ടീച്ചർ, എ.എം.എസ്.ബി. സ്കൂൾ, കിണാശ്ശേരി.
15. സനൽ, കെ.എസ്.ഇ.ബി.

16. സുധീഷ്.സി.പി, പോലീസ്

17. ലാലിയമ്മ, ടീച്ചർ, പരപ്പന, കിണാശ്ശേരി.

18. ഷാഹുൽ ഹമീദ്, അഡ്വക്കേറ്റ്

19. മണി, പോലീസ്

20. മോഹനൻ, കെ.എസ്.ബി.സി

21. ഗഫൂർ ഖാൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റി.

22. കണ്ണദാസ്, ഇന്ത്യൻ റെയിൽവേ

23. കാളിദാസ്, റെയിൽവേ

24. ഫൈറോസ്, ആർമി.

25. സുന്ദരേശൻ മാസ്റ്റർ, റിട്ടയേർഡ് എച്ച്.എം. എ.എം.എസ്.ബി.എസ്, കിണാശ്ശേരി

26. രാമൻകുട്ടി മാസ്റ്റർ, മാനേജർ, [illegible]

27. വിശ്വനാഥൻ , സെക്രട്ടറി, കണ്ണാടി

28. ശ്രീ.സുകുമാരൻ , കൊടുന്ന് പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.

( എ.എം.എസ്.ബി.എസ്, കിണാശ്ശേരി, മാനേജർ )

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും<br>പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br><br>2) അമ്മ പറയട്ടെ<br>അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br><br>ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി.<br><br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br><br>മദർ പി.ടി.എ. |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2) ലഘുപതിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | [illegible]<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താം | 1) രചനാശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | [illegible] | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വിപുലനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാക്കുറിപ്പുകൾ<br>സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള കഴിവ് വികസിപ്പിക്കുക<br>+ അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള കഴിവ് കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ കൂടാതെ നടത്തുവാനുള്ള കഴിവ് കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ തയ്യാറാക്കൽ<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |

| | | | | |
|---|---|---|---|---|
| | [illegible]<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പൂർവ്വകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി ക്വിസ് മത്സരങ്ങൾ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ ആശയാവതരണ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലൊന്ന് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

## മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിവാരം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| കണ്ടറിയാം... കേട്ടറിയാം... | | | | |
| അറിവ് ലോകത്തെ വാതിലിലൂടെ ഒരോൾ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| തൊട്ടറിയാം... | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| ഓർക്കാം - അറിഞ്ഞിരിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജനന- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഛായാചിത്ര പ്രദർശനം - പുസ്തക പരിചയം - ക്വിസ് ഫോട്ടോ പ്രദർശനം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - തൊട്ടറിയൽ | പ്രശസ്തരായ കലാകാരന്മാരുടെ സന്ദർശനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചായങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം<br><br>[illegible] | മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംസാരിക്കൽ<br>English മാഗസിൻ<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ക്ലാസ് ലൈബ്രറി വികസനം | ജൂൺ - മാർച്ച് | [illegible] | [illegible] |
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | വാർത്താവായനാമത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | [illegible] | [illegible] |
| | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | [illegible] | [illegible] |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | [illegible] | [illegible] |

# English – Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒന്നു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മക ചിന്തകൾ വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾകൊള്ളിച്ചുകൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ രീതികൾ | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | [illegible] | [illegible] |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br><br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br><br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br><br>സെപ്തംബർ<br><br>മാസത്തിൽ ഒന്ന് വീതം | [illegible]<br><br>ക്ലാസ് ടീച്ചർ<br><br>SRG<br>ക്ലാസ് ടീച്ചർ | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്ലാസ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രക്ഷകർക്കായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിദ്വിത്രിമാന രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ-ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്<br>കാണാക്കാഴ്ചകൾ - ഇല | സെപ്തംബർ<br>ഡിസംബർ | ടീച്ചേഴ്സ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ<br>കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് തയ്യാറാക്കൽ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

# പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം- അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താത്പര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മേളകൾ<br>പ്രദർശനങ്ങൾ<br>ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം കളറും ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുവർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | മാതൃക, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

ദ്ധിപ്പിക്കുക.

# അക്കാദമിക്ക് പ്ലാൻ
# യു.പി വിഭാഗം മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | എസ്റ്റിമേറ്റ് തുക | പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| ...കമായ ക്ലാസ് വായന പ്രോൽസാഹിപ്പിക്കുക | ഓരോ കുട്ടിയും വായിച്ച പുസ്തകത്തിന്റെ വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കുക.കൂടാതെ വായിച്ച പുസ്തകത്തിന്റെ വായനാ കാർഡ് തയ്യാറാക്കുക | 1 വർഷം | 1,25000 | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| വർധിനി | ദിനപത്രം,ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ വായന | ഓരോ ക്ലാസിലും പത്രം,ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുകയും ഓരോ മാസാവസാനവും പത്രക്വിസ് നടത്തുകയും ചെയ്യുക. | 1 വർഷം | 10000 | സന്നദ്ധ പ്രവർത്തകർ |
| ളി | അറിവ് വർദ്ധന, ഓർമ്മ വർദ്ധന | മലയാള സാഹിത്യത്തിലെ കാവ്യങ്ങൾ വായിക്കുകയും ഹൃദ്യസ്ഥമാക്കുകയും ചെയ്യുന്നു. | ദിന പ്രവർത്തനം | 2000 | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# മലയാളം ഹൈസ്കൂൾ വിഭാഗം

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് |
|---|---|---|---|---|---|
| 1 | എഴുത്തുകൂട്ടം | സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്\കവിയരങ്ങ്\ രചനാ ശിൽപശാല എന്നിവ സംഘടിപ്പിക്കൽ.രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്സുമുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ | 5000\- | രണ്ട് മാസത്തിൽ ഒരു പ്രാവശ്യം |
| 2 | ബ്ലോഗ് നിറയ്ക്കൽ | ഭാഷാ ശേഷി വികസനം | രചനകൾ | 0 | ആഴ്ചയിൽ |

| | | | | | |
|---|---|---|---|---|---|
| | | | നവമാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ.കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ളോഗിൽ ചേർക്കൽ | | ഒരു പ്രാവശ്യം |
| 3 | സർഗ്ഗ സല്ലാപം | ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ.അവരുടെ വായന\എഴുത്ത് അനുഭവങ്ങൾ കുട്ടുകളുമായി പങ്കുവയ്ക്കൽ. | 5000 | വർഷത്തിൽ രണ്ടു പ്രാവശ്യം |
| 4. | നാടക കളരി | നാടക കളരി ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്രണം | 5000 | പ്രതിമാസ പരിപാടി |
| 5 | ഗ്രന്ഥശാലാ ശാക്തികരണം | ഭാഷാ ശേഷികളുടെ വികാസം/വിവിധ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർ | 5000 | വർഷത്തിൽ രണ്ടു |

| | | | | | |
|---|---|---|---|---|---|
| | | സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം | ശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ. | | പ്രാവശ്യം. |
| 6 | കുട്ടി ചാനൽ | ഭാഷ/അഭിനയം/ ആവിഷ്കാരം | വിദ്യാലയത്തിലെ സ്റ്റുഡിയോയിൽ നിന്നും ക്ലാസ്സ് മുറികളിൽ സ്ഥാപിച്ചിരിക്കുന്ന ടി.വി കളിലേക്ക് കുട്ടികൾ, അധ്യാപകർ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരുടെ വിജ്ഞാന/വിനോദ പരിപാടികളുടെ പ്രക്ഷേപണം. | 500000 | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ |
| 7 | പാവ നാടക പരിശീലന ശില്പശാല | കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | 5000 | വർഷത്തിൽ ഒരു പ്രാവശ്യം |

| | | | | | |
|---|---|---|---|---|---|
| 8 | ദിനാചരണങ്ങൾ | വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു.നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | | ആവശ്യാനുസരണം |
| 9 | രചനാ ശില്പശാല | 1. മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം | കഥയരങ്ങ്, കവിയരങ്ങ്, സർഗ്ഗാത്മക രചനാ ശില്പശാല സംഘടിപ്പിക്കൽ.അതിലൂടെ രൂപപ്പെടുന്ന ഉല്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | 5000 | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം കൗൺസിൽ |

മേഖല : യു. പി. മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1] എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | * അക്ഷരം, ചിഹ്നം എന്നിവ ഉറപ്പിക്കൽ. <br> * പദനിർമ്മാണം <br> * വാക്യനിർമ്മാണം. <br> * ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്. | 2 മാസം - 6 മാസം. | മലയാളം ടീച്ചർ. | |
| 2] എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | * ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ <br> * വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസിലേക്കും വായനാ ലക്ഷ്യം നിശ്ചയിക്കൽ) | 6 മാസം - 1 വർഷം. | മലയാളം അധ്യാപകർ SRG | |

| | | | | |
|---|---|---|---|---|
| 3] പത്രവായന പരിപോഷിപ്പിക്കുക. | * പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>* ഓരോ ക്ലാസിനും ഓരോ പത്രം<br>* രാവിലെ പ്രധാന പത്ര വാർത്തകളുടെ അവതരണം. | 1 വർഷം<br><br>ആഴ്ചയിൽ ഒരു ദിവസം. | വിദ്യാരംഗം ഇൻചാർജ്<br><br>മലയാളം അധ്യാപകർ | P.T.A |
| 4] വായനയിലൂടെ എഴുത്തിലേക്ക് | * ഓരോ കുട്ടിയും വായിച്ച പുസ്തകത്തിന്റെ വായനാ കുറിപ്പും, ആസ്വാദന കുറിപ്പും തയ്യാറാക്കുന്നു.<br>* വായിച്ച പുസ്തകത്തിന്റെ വായനാ കാർഡ് തയ്യാറാക്കുന്നു. | 1 വർഷം | | |
| 5] അറിവ് വർധന ഓർമ്മ വർധന. | * മലയാള സാഹിത്യത്തിലെ കവിതകൾ വായിച്ച് ഹൃദിസ്ഥമാക്കുന്നു. | | | |

## മേഖല : യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1] സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ എന്നിവ പരിശോധിക്കൽ, നേടിയെടുക്കൽ | * സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിനുള്ള പ്രവൃത്തികൾ നൽകുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2] പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക. | * ICT സാധ്യതകളുപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള ലോകത്തിലെ സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

## മേഖല : യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പൂന്തോട്ടം ഒരുക്കാം :- സ്കൂളിലും വീട്ടിലും പൂന്തോട്ടം ഒരുക്കാം പരിപാലിക്കാം<br>തൈ നടാം : പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടീൽ, നട്ട വൃക്ഷ തൈ പരിപാലിക്കൽ.<br>പ്രകൃതി സംരക്ഷണ പോസ്റ്റർ നിർമ്മിക്കൽ പരിസരങ്ങളിൽ പതിക്കൽ<br>ഔഷധത്തോട്ടം നിർമ്മിക്കൽ<br>ഫീൽഡ് ട്രിപ്പ്. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് |
| ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക. | പരീക്ഷണങ്ങൾ : ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുക. നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |

| | | | |
|---|---|---|---|
| | ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. ശാസ്ത്ര ക്വിസ് – സജ്ജമാക്കുന്നു. | | |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ശാസ്ത്ര വിസ്മയ ചുമർ: ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു.<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ, ക്വിസ് ബുക്കുകൾ എന്നിവ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി.<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |

| | | | |
|---|---|---|---|
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ശാസ്ത്ര പഠനം ICT യുടെ സഹായത്തോടെ മികച്ചതാക്കുന്നു. ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |

മേഖല യു പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ നേടിയെടുക്കൽ | <u>അങ്ങോട്ട് - കുട്ടിയിൽ നിന്ന് കാര്യത്തിലേക്ക്</u><br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രവർത്തികൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | <u>ഓർമ്മച്ചെപ്പ്</u><br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ-ശാസ്ത്ര-അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | <u>Virtual Field Trip:</u><br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

മേഖല യു.പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 3) ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | <u>വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്</u><br>ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | <u>പ്രകൃതി താണ്ഡവം: നേർക്കാഴ്ച</u><br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | |

മേഖല: യു.പി സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം.**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിതപ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം.**<br>സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ-കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

മേഖല - ഐ.ടി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 7) സൗന്ദര്യവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | <u>കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)</u><br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | <u>പുതുപ്രഭാതത്തിലേക്ക്</u><br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെടുന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല - അക്കാദമികം : ഉപമേഖല എല്ലാവർക്കും ഹിന്ദി പഠനം എളുപ്പം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | നിലവിലുള്ള പരിമിതികൾ | പരിമിതികൾ മറികടക്കാനുള്ള പ്രവർത്തനങ്ങൾ | ഉത്തരവാദിത്വം | കാലയളവ് | ക്ലാസ് | പങ്കാളിത്തം | സാമ്പത്തികം |
|---|---|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും, സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക | എല്ലാ കുട്ടികൾക്കും അടിസ്ഥാന ശേഷി കുറവ് | * എല്ലാ കുട്ടികൾക്കും ഹിന്ദി തിരിച്ചറിയൽ കാർഡ്. [അഞ്ചാം തരത്തിലെ കുട്ടികൾക്ക്]<br>* ഹിന്ദി ദിനാചരണങ്ങൾ<br>* വായന കാർഡ് ഉപയോഗം. | H.M | ജൂൺ 2025 മുതൽ | V<br>VI<br>VII | Hindi tr | |
| 2. | ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. | ഹിന്ദി അന്തരീക്ഷം ഇല്ലായ്മ | * ഹിന്ദി ഭാഷയിൽ ലഭ്യമായ കാർട്ടൂൺ, ഗാനങ്ങൾ എന്നിവ ICT ഉപയോഗിച്ചുള്ള പ്രദർശനം<br>* ഹിന്ദി അസംബ്ലി ഹിന്ദി പ്രാർത്ഥന, പ്രതിജ്ഞ, മഹദ് വചനങ്ങൾ എന്നിവ ഉൾപ്പെടുത്തി ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുക. | BRC | ജൂൺ 2025 മുതൽ | V<br>VI<br>VII | | |
| 3 | ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക. | ഉച്ചാരണം മെച്ചപ്പെടുത്താൻ | * ഓരോ കുട്ടിയുടേയും ഹിന്ദിയോട് യൂണിറ്റും പാഠഭാഗവുമായും ബന്ധപ്പെട്ട പിന്തുണ വർക്കും കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ചോദ്യാവലികൾ ചെയ്തും മെച്ചപ്പെടുത്തുക. | H.M | ജൂൺ 2025 മുതൽ | V<br>VI<br>VII | | |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | നിലവിലുള്ള പരിമിതികൾ | പരിമിതികൾ മറികടക്കാനുള്ള പ്രവർത്തനങ്ങൾ | ഉത്തരവാദിത്തം | കാലയളവ് | ക്ലാസ് | ചെലവ് | സമയപരിധി |
|---|---|---|---|---|---|---|---|---|
| 4. | ഹിന്ദി ഭാഷയോടുള്ള താത്പര്യം വളർത്തിയെടുക്കാൻ | ഹിന്ദി ഭാഷയോട് താത്പര്യക്കുറവ് | ഓരോ ഹിന്ദി വാക്ക് ഓരോ കുട്ടിയും ഓരോ ദിവസവും സ്വന്തം ഹിന്ദി ബുക്കിൽ കുറിച്ച് ശേഖരിക്കുന്നു - ഹിന്ദിയുമായി ബന്ധപ്പെട്ട പത്രങ്ങളും ശേഖരിപ്പിക്കുന്നു | H.M | ജൂൺ 2025 മുതൽ | V<br>VI<br>VII | | |
| 5 | ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക | വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല | ഹിന്ദി ദിനാചരണത്തോടനുബന്ധിച്ച് പരിപാടികൾ സംഘടിപ്പിക്കുക. ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിപാടികൾ സംഘടിപ്പിക്കുക. | H.M | ജൂൺ 2025 മുതൽ | V<br>VI<br>VII | | |
| 6 | ഹിന്ദി ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി വളർത്തിയെടുക്കുക. | കുട്ടികൾക്ക് സംസാരിക്കാനുള്ള വിമുഖത. | × ഹിന്ദി സംസാരിക്കുവാനുള്ള പരിശീലനം<br>× ക്ലാസിൽ അധ്യാപികയുടെ ഹിന്ദി ഉപയോഗം.<br>× ക്ലാസ് ലൈബ്രറി | HM | | | | |
| 7 | പഠനോപകരണങ്ങൾ വഴി കുട്ടികളിൽ ഹിന്ദിയോടുള്ള താത്പര്യം വളർത്തൽ | പലതരത്തിലുള്ള കുട്ടികൾ | കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പഠനോപകരണങ്ങളുടെ നിർമ്മാണം. | DIET | | | | |

## മേഖല - യു.പി - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | <u>Lend Your Ear</u> - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | <u>Follow Me If You Can!</u> ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | <u>Breaking News</u> ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളൊരുക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിപോഷിപ്പിക്കുന്നു. | I Too can വ്യത്യസ്ത തലങ്ങളിലായി വിവിധ വായന | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ നാടക രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |

മേഖല-യു.പി.-ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | <u>Alert zone</u> സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | <u>Run Baby Run</u> ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | <u>Fun time</u> Funda കടങ്കഥകൾ, കുസൃതിചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ ആസ്വാദി | | | |

മേഖല-യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അദ്ധ്യാപകൻ | |

## മേഖല.യു.പി.ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിയ്ക്കുവാനും അവസരം ഒരുക്കുന്നു. | <u>Lend your Ear</u>- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | <u>Follow me if you can!</u>- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | <u>Breaking News</u>- ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾക്കിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | <u>Treasure Hunt</u>– വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല.യു.പി.ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | One man show– ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can– വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M Corner– വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരുതവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month– ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My Droplets– കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |

## മേഖല.യു.പി.ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | Alert Zone– സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | Run Baby Run– ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | Fun time Funda– കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പീരീഡും | ഇംഗ്ലീഷ് അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല - അക്കാദമികം UP ഉപമേഖല - സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠന ഉപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കൽ<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ പ്രകടിപ്പിക്കാനും സർഗ്ഗാത്മകതകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ<br>* ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ | • Test നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>* പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ മാഗസിനുകൾ<br>• രചനോത്സവങ്ങൾ നടത്തുന്നു<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്.<br>• മാഗസിൻ നിർമ്മാണം പോസ്റ്റർ നിർമ്മാണം കഥ, ഉപന്യാസം രചിക്കൽ അവതരിപ്പിക്കൽ<br>* കലാരൂപങ്ങൾ പരിചയപ്പെടൽ | June to March | പാഠപുസ്തകങ്ങൾ ചിത്രങ്ങൾ വീഡിയോകൾ etc | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## Project Sanskrit

1. സംസ്കൃത ബാലകഥകൾ, ബാലകവിതകൾ രാമായണം മലയാള ചിത്രകഥ മഹാഭാരത ചിത്രകഥ മലയാളത്തിൽ എന്നിവ അടങ്ങിയ പുസ്തകങ്ങളെ പരിചയപ്പെടൽ
2. സംസ്കൃതദിനാചരണം
   സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ
3. വിവിധ മത്സരങ്ങൾ കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുക.
4. മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം
   Sanskrit Scholarship Exam, U.S.S Exam രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ
5. സാങ്കേതിക വിദ്യകളുടെ പ്രയോജനപ്പെടുത്തൽ